Talented Bankers Literary Panel
പുസ്തക പരിചയം 287

മാസ്റ്റർപീസ്
ഫ്രാൻസിസ് നൊറോണ

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

സമകാലിക മലയാളസാഹിത്യരംഗത്തെ ചില അപച്യുതികളെ നേരിയ നർമവും നാടകീയതയും കലർത്തിയ ഭാഷയിൽ വരച്ചുകാട്ടുന്ന നോവലാണ് ഫ്രാൻസിസ് നൊറോണയുടെ മാസ്റ്റർ പീസ്.

ഒരു സാഹിത്യകാരനായി പേരെടുക്കാൻ കൊതിക്കുന്ന ചെറിയൊരു ചിട്ടിക്കമ്പനിയിലെ ജീവനക്കാരൻ ചെയ്തുകൂട്ടുന്ന കാര്യങ്ങളാണ് മാസ്റ്റർ പീസിൻ്റെ ഉള്ളടക്കമെന്നു പറയാം.

യഥാർഥ ജീവിതത്തിൽ ഇതെല്ലാം കൂടി ഒരാൾക്കു ചെയ്യാൻ പറ്റുമോ, അല്ലെങ്കിൽ ഇങ്ങനെയൊക്കെ ചെയ്തവർ കാണുമോ എന്ന സംശയം ഒരുപക്ഷേ മാസ്റ്റർപീസ് വായിച്ചതിനു ശേഷം തോന്നിയേക്കാം.

വെറുമൊരു സാഹിത്യകൃതി എന്ന നിലയിൽ മാസ്റ്റർപീസിനെ സമീപിച്ചാൽ ഈ സംശയം ന്യായമാണ്. എന്നാലോ, അതിലുപരി, മാസ്റ്റർപീസ് മുന്നോട്ടുവെക്കുന്ന ആശയത്തെ പരിഗണിക്കുകയാണെങ്കിൽ ‘ഇതൊക്കെ എന്ത്’ എന്ന സലിം കുമാർ മീമായിരിക്കും പലർക്കും ഓർമ വരിക.

ആരുമെഴുതാത്ത ഒരു വിഷയം തെരഞ്ഞെടുത്ത് കഥയെഴുതി പ്രശസ്തനാവുക എന്നതാണ് മാസ്റ്റർപീസിലെ നായകൻ്റെ സ്വപ്നം. അതിനുള്ള ടെക്നിക്കും പുള്ളിക്കറിയാം.

“നടന്ന സംഭവങ്ങളെടുത്ത് വീര്യം ചേർത്തൊരു പരുവത്തിലങ്ങനെ കൊടുക്കുന്നതാണ് ഇപ്പോഴത്തെ ട്രെൻഡ്. ഒറ്റപ്പെട്ട തുരുത്തും അതിൻ്റെ നടുക്കുള്ള പള്ളിയും, പ്രത്യേക രീതിയിലുള്ള പാതിരിയച്ചൻ, പുത്തനോല വെഞ്ചരിച്ച പോലൊരു നസ്രാണിപ്പെണ്ണ്, കൊലപാതകം... അതല്ലെങ്കിലൊരു അമ്പലത്തിലൊരു ഉത്സവം, നാട്ടുപെണ്ണ്... വെടിക്കെട്ട്, കവലച്ചട്ടമ്പികളും വരത്തന്മാരും, ഉത്സവത്തിനിടെ നടക്കുന്ന കത്തിക്കുത്ത്, ഇതൊന്നും കിട്ടിയില്ലെങ്കിൽ ഒരു ഓത്തുപുര, വാങ്കുവിളി, തട്ടം മറയുന്ന പകലന്തികൾ, ജിന്ന്, കൂടോത്രം... അങ്ങനെ ചിലത്...

തീം എന്തായാലും ഒരൽപ്പം നാട്ടുഭാഷയൊക്കെ കലർത്തി, ഒരു കിണ്ണൻ ടൈറ്റിലുമിട്ട് കൊടുത്താൽ പ്രധാനവരക്കാരൻ്റെ മിടുക്കോടെ, മാസികയുടെ പത്തുപതിനാറു പേജങ്ങനെ നിറഞ്ഞു കവിഞ്ഞ് സംഗതി വൈറലാകും."

മാസ്റ്റർ പീസിൻ്റെ ആദ്യ അധ്യായങ്ങളിലൊന്നിൽ പറഞ്ഞുപോവുന്നതാണിത്. ഇങ്ങനെയെല്ലാം ചെയ്തിട്ടും കഥാനായകൻ്റെ കയ്യിലെ സ്റ്റോക്ക് പെട്ടന്നു തന്നെ തീർന്നു പോയി.

തുടർന്ന്, ചിട്ടിക്കമ്പനിയിലെ ജോലി ഉപേക്ഷിച്ച് പുതിയ കഥകൾക്കായി ഇറങ്ങുകയാണ് നായകൻ. അതിനായി, പണ്ടു നാടുവിട്ടുപോയി ഇപ്പോൾ വണ്ടിപ്പേട്ടയിൽ കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന വകയിലെ അമ്മാവനെ കാണുന്നു. ഒന്നു രണ്ടുകൾ കിട്ടി. പക്ഷേ പോരാ. ചില ഗുണ്ടകളുമായി പരിചയപ്പെട്ടതിനെ തുടർന്ന് വീണ്ടും കിട്ടുന്നു കഥകൾ. ഇതിനിടെ കഥകളിലൊന്ന് സിനിമയായി.

പക്ഷേ ഫീൽഡിൽ പിടിച്ചു നിൽക്കാനുള്ളതൊന്നും ആയിട്ടില്ല. ഇനിയും വ്യത്യസ്തതകൾ വേണം.

അങ്ങനെ വ്യത്യസ്തതകൾക്കു വേണ്ടി നായകൻ നടത്തുന്ന പരീക്ഷണങ്ങളും തുടർന്നുണ്ടാവുന്ന സംഭവങ്ങളും മറ്റുമാണ് താളുകളുടെ എണ്ണം വച്ച് ഒരു ചെറുനോവലെന്നും എന്നാൽ അവതരിപ്പിച്ച വിഷയത്തിൻ്റെ ഗൗരവം പരിഗണിച്ച് മഹാനോവലെന്നും വിളിക്കാവുന്ന മാസ്റ്റർപീസിൻ്റെ ഉള്ളടക്കം.

വെറും എൺപതു താളുകളിൽ ഒതുങ്ങുന്ന മാസ്റ്റർപീസ് പക്ഷേ എഴുത്തുകാരൻ്റെ ഔദ്യോഗികജീവിതത്തെ തന്നെ ബാധിച്ചതായി റിപ്പോർട്ടുകൾ കണ്ടിരുന്നു. ആലപ്പുഴ കുടുംബ കോടതിയിൽ സീനിയർ ക്ലർക്കായിരുന്ന നൊറോണയ്ക്ക്, സർക്കാർ ജീവനക്കാർ പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന ആരോപണമുയർത്തി പരാതിപ്പെട്ടതിനെ തുടർന്ന് മെമോ ലഭിച്ചിരുന്നു. എഴുത്തോ കഴുത്തോ എന്നു തീരുമാനിക്കേണ്ട സന്ദർഭം വന്നപ്പോൾ താൻ എഴുത്തു തന്നെ തെരഞ്ഞെടുത്തു എന്നു പ്രഖ്യാപിച്ചുകൊണ്ട് കഴിഞ്ഞ മാസം നൊറോണ ജോലിയിൽ നിന്ന് വിരമിച്ചത് മാധ്യമങ്ങളിൽ വാർത്തയായിരുന്നു.

പ്രസാധകർ : മാതൃഭൂമി ബുക്സ്
വില: 170 രൂപ